**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1116** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് 'സമ്പാദ്യ സമാശ്വാസ പദ്ധതി' പഞ്ഞമാസക്കാലത്ത് ധനസഹായം എന്ന നിലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയിൽ ഗുണഭോക്താവ് 1500/- രൂപ അടക്കുന്നത് മൂന്ന് ഇരട്ടിയായി (4500/-) തിരിച്ചുനൽകുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യസമ്പത്തിന്റെ ശോഷണവും അതുവഴി ഉണ്ടാകുന്ന വരുമാനക്കുറവുമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് Integrated Fishery Resource Management in Inland Aquatic Ecosystem Project 2022-25 (വേമ്പനാട് കായൽ സംരക്ഷണ പദ്ധതി) നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ വിവിധ പഞ്ചായത്തുകളുടെ പരിധിയിൽ 14 മത്സ്യസങ്കേതങ്ങളും 11 കക്ക റിലേയിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. മത്സ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതുമൂലം മത്സ്യസമ്പത്തിന്റെ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 50,15,304/- രൂപയും, 2023-24 സാമ്പത്തിക വർഷം 21,60,791/- രൂപയും, 2024-25 സാമ്പത്തിക വർഷം 6,65,977/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ ജില്ലാപഞ്ചായത്ത് പദ്ധതി, ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാകൾച്ചർ എക്കോസിസ്റ്റം എന്നീ പദ്ധതികൾ വഴി എല്ലാവർഷവും തെരഞ്ഞെടുക്കപ്പെട്ട കടവുകളിൽ മത്സ്യവിത്ത് നിക്ഷേപവും നടത്തിവരുന്നു. 2022-25 കാലയളവിൽ 1 ലക്ഷം പൂമീൻ, 1.5 ലക്ഷം കരിമീൻ, 24 ലക്ഷം കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെയും 24 ലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെയും ജില്ലാപഞ്ചായത്ത് വഴി ഓരോ |

| | | | |
|---|---|---|---|
| | | | വർഷവും വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച കരിമീൻ, പൂമീൻ, കാര ചെമ്മീൻ, കാർപ്പ് മത്സ്യഇനങ്ങളെയും വിവിധ കടവുകളിലായി നിക്ഷേപിക്കുവാൻ സാധിച്ചു.<br><br>ജില്ലയിൽ അനധികൃത മത്സ്യബന്ധനത്തിലൂടെ മത്സ്യസമ്പത്ത് കുറയുന്നത് തടയുന്നതിനായി ഇൻലാൻ്റ് പട്രോളിംഗ് കായലിലും, ഉൾനാടൻ ജലാശയത്തിലും നടപ്പാക്കുന്നുണ്ട്. ഇതിലേയ്ക്ക് ജില്ലയ്ക്ക് പട്രോളിംഗ് ബോട്ട് അനുവദിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ 159 പട്രോളിംഗ് നടത്തുകയും 2,88,000/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കുകയും ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം നാളിതുവരെ 104 പട്രോളിംഗ് നടത്തുകയും 3,56,416/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കുകയും ചെയ്തു.<br><br>ജില്ലയിൽ അനധികൃത മൽസ്യബന്ധനത്തിലൂടെ മൽസ്യസമ്പത്ത് കുറയുന്നത് തടയുന്നതിനായി ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി 7 മത്സ്യത്തൊഴിലാളി ബോധവൽകരണ പരിപാടി 2022-24 കാലയളവിൽ നടത്തുകയുണ്ടായി. |
| (ബി) | കുട്ടനാട്ടിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 'ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോർസ് മാനേജ്മെന്റ് ഇൻ ഇൻലാൻ്റ് അക്വാകൾച്ചർ എക്കോസിസ്റ്റം' പദ്ധതി പ്രകാരം കരിമീൻ, പൂമീൻ, കാര ചെമ്മീൻ, കാർപ്പ് എന്നീ മത്സ്യക്കുഞ്ഞുങ്ങളെ വേമ്പനാട് കായലിലും ഇതിനോട് ചേർന്നുകിടക്കുന്ന നദികളിലും പുഴകളിലും നിക്ഷേപിച്ച് വരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം ഒഴുക്കുള്ള ജലാശയങ്ങളിൽ എംബാങ്ക്മെന്റ്, പെൻ മത്സ്യക്കൃഷിയിൽ നാടൻ മത്സ്യ ഇനങ്ങളായ വരാൽ, കരിമീൻ, അനബാസ് എന്നീ മത്സ്യ ഇനങ്ങളെ സ്റ്റോക്ക് ചെയ്ത് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ടി പദ്ധതി പ്രകാരം അർദ്ധ ശാസ്ത്രീയ വരാൽ, അനബാസ് മത്സ്യക്കൃഷിയിൽ 100% മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയോടുകൂടി 10 സെന്റിന് മുകളിൽ കുളങ്ങളുള്ള മത്സ്യകർഷകർക്ക് നൽകിവരുന്നു. ജില്ലാപഞ്ചായത്ത് പദ്ധതിപ്രകാരം കരിമീൻ, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ റാഞ്ചിംഗ് പദ്ധതിയിൽ വേമ്പനാട് കായലിലും ഇതിനോട് ചേർന്നുകിടക്കുന്ന പുഴകളിലും നിക്ഷേപിച്ചുവരുന്നു.<br><br>ജില്ലാപഞ്ചായത്ത് പദ്ധതി, ജനകീയ മത്സ്യകൃഷി (JMK), ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോർസ് മാനേജ്മെന്റ് ഇൻ ഇൻലാൻ്റ് അക്വാകൾച്ചർ എക്കോസിസ്റ്റം എന്നീ പദ്ധതികൾ വഴി |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കപ്പെട്ട കടവുകളിൽ മൽസ്യവിത്ത് നിക്ഷേപവും നടത്തിവരുന്നു. പദ്ധതിയുടെ വിശദവിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><th>വർഷം</th><th>ഘടകം</th><th colspan="6">എണ്ണം</th><th>ചിലവഴിച്ച തുക</th></tr>
<tr><td rowspan="6">2022-23</td><td>മൽസ്യസങ്കേതം</td><td colspan="6">14</td><td>15,99,500/-</td></tr>
<tr><td>കക്ക റിലേയിങ് യൂണിറ്റ്</td><td colspan="6">11</td><td>4,81,250/-</td></tr>
<tr><td rowspan="2">മൽസ്യ വിത്ത് നിക്ഷേപം (വേമ്പനാട് കായൽ സംരക്ഷണ പദ്ധതി)</td><td>കാർപ്</td><td>കരിമീൻ</td><td>പൂമീൻ</td><td colspan="3">കാര ചെമീൻ</td><td rowspan="2">17,60,000/-</td></tr>
<tr><td>8,00,000</td><td>50,000</td><td>50,000</td><td colspan="3">12,00,000</td></tr>
<tr><td rowspan="2">മൽസ്യ വിത്ത് നിക്ഷേപം (ജില്ലാപഞ്ചായത് പദ്ധതി)</td><td>കാർപ്</td><td>കരിമീൻ</td><td>പൂമീൻ</td><td>കാര ചെമീൻ</td><td>അറ്റു കൊഞ്ച്</td><td>അനബാസ്</td><td rowspan="2">13,93,000/-</td></tr>
<tr><td>2,10,000</td><td>10,000</td><td>20,000</td><td>12,00,000</td><td>2,80,000</td><td>65,000</td></tr>
</table>

<table>
<tr><th>വർഷം</th><th>ഘടകം</th><th colspan="5">എണ്ണം</th><th>ചിലവഴിച്ച തുക</th></tr>
<tr><td rowspan="3">2023-24</td><td rowspan="2">മൽസ്യ വിത്ത് നിക്ഷേപം (വേമ്പനാട് കായൽ സംരക്ഷണ പദ്ധതി)</td><td>കാർപ്</td><td>കരിമീൻ</td><td>പൂമീൻ</td><td colspan="2">കാര ചെമീൻ</td><td rowspan="2">17,60,000/-</td></tr>
<tr><td>8,00,000</td><td>50,000</td><td>50,000</td><td colspan="2">12,00,000</td></tr>
<tr><td>മൽസ്യ വിത്ത് നിക്ഷേപം</td><td>കാർപ്</td><td>കരിമീൻ</td><td>കാര ചെമീൻ</td><td>അറ്റു കൊഞ്ച്</td><td>പൂമീൻ</td><td>10,00,000/-</td></tr>
</table>

| | | | | | | | |
|---|---|---|---|---|---|---|---|
| | (ജില്ലാപഞ്ചായത് പദ്ധതി) | 2,40,000 | 30,000 | 5,35,000 | 3,00,000 | 4000 | |
| | മൽസ്യ വിത്ത് നിക്ഷേപം (JMKപദ്ധതി) | അനബാസ് | | വരാൽ(മറൽ) | | | 27,86,340/- |
| | | 2,76,540 | | 1,12,710 | | | |

| വർഷം | ഘടകം | എണ്ണം | | ചിലവഴിച്ച തുക |
|---|---|---|---|---|
| 2024-25 | മൽസ്യ വിത്ത് നിക്ഷേപം (വേമ്പനാട് കായൽ സംരക്ഷണ പദ്ധതി) | കാർപ്പ് | കരിമീൻ | 8,80,000/- |
| | | 8,00,000 | 50,000 | |